**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 529** **02-02-2023 - ൽ മറുപടിയ്ക്ക്**

**സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ കേന്ദ്ര സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനം അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ കേന്ദ്ര സഹായം തേടിയിരുന്നോയെന്നും സംസ്ഥാനത്തിന് വായ്പ എടുക്കാനുള്ള മാനദണ്ഡങ്ങളിൽ ഇളവ് നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോയെന്നും വ്യക്തമാക്കുമോ; | (എ) | മഹാ പ്രളയമടക്കം പ്രകൃതി ദുരന്തങ്ങളും കോവിഡ് മഹാമാരിയും സൃഷ്ടിച്ച പ്രതിസന്ധികളിൽ നിന്നും സംസ്ഥാനം കരകയറി വരുന്നതേയുള്ളൂ. പ്രതിസന്ധിയുടെ കാലഘട്ടത്തിൽ കേന്ദ്ര സർക്കാർ എല്ലാ സംസ്ഥാനങ്ങൾക്കുമായി അനുവദിച്ചു നൽകിയിരുന്ന കടമെടുപ്പ് പരിധിയായ 5 ശതമാനം തിരികെ 3 ശതമാനത്തിലേയ്ക്ക് കൊണ്ടു വരികയും ചെയ്യുന്നത് സംസ്ഥാന സമ്പദ് വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കും. ഇതിനു പുറമേ സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന തെറ്റായ നിലപാട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കുറവ് വരുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി കിഫ്ബി, KSSPL മുതലായ പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങളുടെ കടം സംസ്ഥാന സർക്കാരിന്റെ കടമായി തെറ്റായി കണക്കാക്കി 2021-22 സാമ്പത്തിക വർഷം ഈ സ്ഥാപനങ്ങൾ എടുത്ത തുക നാലു തവണകളായി 2022-23 മുതൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ നിന്നും കുറയ്ക്കുന്നതാണെന്ന നിലപാട് കേന്ദ്രസർക്കാർ ഇതിനകം തന്നെ കൈക്കൊണ്ടിട്ടുണ്ട്. ഈ നിലപാടിൽ മാറ്റം വരുത്തണമെന്നും ഭരണഘടനയുടെ ആർട്ടിക്കിൾ 293(3), 293(4) എന്നിവയ്ക്കനുസൃതമായി, 2017 ഓഗസ്റ്റിന് മുൻപ് നിലനിന്നിരുന്ന പോലെ പൊതു കണക്കിനത്തിലെ (പബ്ലിക് അക്കൗണ്ടിലെ) നീക്കിയിരിപ്പും പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പകളും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നിർണ്ണയിക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്നും 22.07.2022-ലെ 134/2022/എം.ധന കത്ത് പ്രകാരം |

| | | | |
|---|---|---|---|
| | | | സംസ്ഥാന ധനകാര്യ മന്ത്രി കേന്ദ്രധനകാര്യ മന്ത്രിയോട് അഭ്യർത്ഥിക്കുകയും ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹു മുഖ്യമന്ത്രി 19-01-2023 ലെ 133/CM/2023 കത്ത് പ്രകാരം ഒരു നിവേദനവും ബഹു. പ്രധാനമന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നിലപാടിൽ കേന്ദ്ര സർക്കാർ ഒരു മാറ്റവും വരുത്തിയിട്ടില്ല. |
| (ബി) | കേന്ദ്രസഹായം ലഭിക്കുന്നില്ലെങ്കിൽ സാമ്പത്തിക പ്രതിസന്ധി എപ്രകാരം തരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ബി) | സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും റവന്യൂകമ്മി കുറച്ചുകൊണ്ടു വരാനാണ് സർക്കാർ പരിശ്രമിക്കുന്നത്. മുൻ വർഷങ്ങളിൽ സമ്പദ് വ്യവസ്ഥക്ക് അകത്തു നിന്നും പുറത്തു നിന്നും ഉണ്ടായ തടസ്സങ്ങളിൽ നിന്നും മോചനം നേടി പുനർ നിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. നികുതി നികുതിയേതര വരുമാനം ഉയർത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കിയും ധനകമ്മിയും കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ നിശ്ചിത പരിധിയിൽ നിർത്തിയും കടമൊടുക്കുന്ന തുക പൂർണ്ണമായും വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയെന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. നിലവിലുള്ള സാമ്പത്തിക മാന്ദ്യത്തെ ചെറുക്കുകയെന്ന ലക്ഷ്യത്തോടെ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തന്ത്രപരമായ ശ്രമം ഏറ്റെടുക്കാൻ സംസ്ഥാനം ബാധ്യസ്ഥമാണ്.<br><br>ചരക്കു സേവന നികുതി നടപ്പിലാക്കിയതോടെ സംസ്ഥാനങ്ങൾക്ക് നികുതി വർദ്ധനവിനുള്ള ഇടപെടലുകൾക്ക് പരിമിതികളും നിയന്ത്രണങ്ങളുമുണ്ടായി.<br><br>പെട്രോളിയം ഉത്പന്നങ്ങൾ, മദ്യം തുടങ്ങിയ ചുരുക്കം ഇനങ്ങൾക്ക് മാത്രമാണ് സംസ്ഥാനങ്ങൾക്ക് ഇപ്പോൾ നികുതി ഏർപ്പെടുത്താൻ അധികാരമുള്ളത്. പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ 12.7 ശതമാനം വളർച്ചയാണ് പ്രതീക്ഷിക്കുന്നത്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി സർക്കാർ വിഭാവനം ചെയ്തിട്ടുള്ള നിർദ്ദേശങ്ങളും സ്വീകരിച്ചു വരുന്ന നടപടികളും ചുവടെ ചേർക്കുന്നു.<br><br>1. ചരക്കു സേവന നികുതിവകുപ്പിനെ പുനസംഘടിപ്പിച്ചുകൊണ്ട് നികുതി ചോർച്ച ഫലപ്രദമായി തടയുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ഇതിനകം തന്നെ ചരക്കു സേവന നികുതി വകുപ്പിന് കീഴിൽ |

തന്നെ ടാക്സ് പെയെർ സർവ്വീസസ് , ആഡിറ്റ്, ഇന്റലിജൻസ് & എൻഫോഴ്സ് മെന്റ് എന്നീ വിഭാഗങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട് .

2. ഭൂരേഖകൾ കൈകാര്യം ചെയ്യുന്നതിലെ കേന്ദ്ര ഘടകമായ അടിസ്ഥാന ഭൂനികുതി പരിഷ്കരിക്കൽ
3. ഭൂമിയുടെ ന്യായവിലയിലെ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളലും നിലവിലുള്ള ന്യായവില യിൽ 10% ഒറ്റത്തവണ വർദ്ധനവ് നടപ്പിലാക്കലും.
4. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിക്കൽ.
5. ചരക്ക് സേവന നികുതി ചോർച്ചയ്ക്ക് കാരണമായ പഴുതുകൾ പരമാവധി അടയ്ക്കുന്നതിനുള്ള ലക്കി ബിൽ പദ്ധതി.
6. സർക്കാർ ഗ്യാരണ്ടി സീലിംഗ് നിയമഭേദഗതി ചെയ്യുന്നതിലൂടെ ഈയിനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കൽ.
7. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ.
8. 2 ലക്ഷം രൂപ വരെ വിലയുള്ള മോട്ടോർ സൈക്കിളുകളുടെ ഒറ്റത്തവണ മോട്ടോർ വാഹന നികുതി 1 % വർദ്ധിപ്പിക്കൽ.
9. മലിനീകരണ പ്രശ്നങ്ങൾ പരിഹരിക്കുകയും വൈദ്യുതി വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി ഡീസൽ വാഹനങ്ങൾക്ക് ഹരിത നികുതി ഏർപ്പെടുത്തൽ.
10. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്കൂട്ടിനിയും പരിശോധനകളും ശക്തമാക്കൽ.
11. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി.

സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ മേഖലയുടെ വികസനം ലക്ഷ്യമാക്കി മുൻ വർഷത്തെ അപേക്ഷിച്ച് കൂടുതൽ വിഹിതമാണ് നടപ്പ വർഷം മൂലധന ചെലവുകൾക്കായി ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇതിനു പുറമേ കിഫ്ബിയുടെ നിക്ഷേപം അടിസ്ഥാന സൗകര്യ മേഖലയെ ചലനാത്മകമാക്കുകയും ചെയ്യും.

സെക്ഷൻ ഓഫീസർ